

ഫോട്ടോ : മധുരാജ്, മാതൃഭൂമി

പ്ലാച്ചിമട സമരപന്തലിന്/കോള കമ്പനിയ്ക്ക് മുമ്പിൽ മയിലമ്മയുടെ മൃതദേഹം

# മയിലമ്മയുടെ മരണനാന്തര വിവാദം : ഒരു വിശദീകരണം

മയിലമ്മയുടെ മരണത്തോടൊപ്പം പ്ലാച്ചിമട കോക്കകോള വിരുദ്ധ സമരത്തെ അടക്കം ചെയ്യാൻ ചില കക്ഷികളും ചില വ്യക്തികളും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനവർ ഉപയോഗിച്ചത് മയിലമ്മയുടെ മരണത്തെയായിരുന്നു. മയിലമ്മയുടെ മൃതദേഹം പൊതുദർശനത്തിനുവയ്ക്കാൻ സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാൽ അടക്കമുള്ളവരുടെ നേതൃത്വത്തിൽ സമരപന്തലിലേയ്ക്ക് കൊണ്ടുവരികയുണ്ടായി. അപ്പോൾ ആദിവാസി സ്ത്രീകളിൽ ചില തെറ്റിദ്ധാരണകൾ ഉണ്ടായി. അവർ അപ്പോൾ തന്നെ ആ തെറ്റിദ്ധാരണകൾ തിരുത്തുകയുമുണ്ടായി. എന്നാൽ സമരത്തെ തകർക്കാൻവേണ്ടി പ്രവർത്തിക്കുന്നവർ ആ അവസരത്തെ മുതലെടുത്തുകൊണ്ട് മയിലമ്മയുടെ മൃതശരീരം വെയിലത്ത് വെയ്ക്കുകയും സമുദായസ്പർദ്ധ ഉണ്ടാക്കാൻ ശ്രമിക്കുകയുമാണുണ്ടായത്.

സമരസമിതി നേതാക്കളും സമരസമിതി പ്രവർത്തകരും താഴ്ന്നും കരഞ്ഞും മയിലമ്മയുടെ മൃതശരീരം വിട്ടുതരണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സമരത്തെ തകർക്കാൻ വേണ്ടി പ്രവർത്തിക്കുന്ന ശക്തികൾ ഒന്നിച്ചുകൊണ്ട് സംഘർഷാവസ്ഥ സൃഷ്ടിക്കുവാൻ ശ്രമിയ്ക്കുകയായിരുന്നു. അതിലൂടെ അവർ ലക്ഷ്യമിട്ടിരുന്നത് പ്ലാച്ചിമട കോക്കകോള വിരുദ്ധ സമരത്തിനും സമരസമിതിക്കും കേരളത്തിലുള്ള ജനപിന്തുണ കുറയ്ക്കുക എന്നുള്ളതായിരുന്നു. കൂടാതെ ഈ സാഹചര്യം ഉപയോഗിച്ചുകൊണ്ട് സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാലിനേയും സമരനേതാക്കളേയും പൊതുജനങ്ങൾക്കിടയിൽ മോശമായി ചിത്രീകരിക്കുന്നതിലൂടെ സമരത്തെ തകർക്കുവാനുള്ള ഗൂഢലക്ഷ്യമാണ് അവർക്കുള്ളത്. കേരളത്തിന്റെ പൊതുജന മനസാക്ഷിക്ക് മുൻപിൽ കൂടുതൽ നാൾ പിടിച്ചുനിൽക്കാൻ അവർക്ക് കഴിയില്ല. കൂടുതൽ വൈകാതെ അവർക്ക് തന്നെ അവരെ വെളിപ്പെടുത്തേണ്ടിവരും.

പ്ലാച്ചിമടയിലെ മയിലമ്മ ഉൾപ്പെട്ട ജനത നയിക്കുന്ന പ്ലാച്ചിമട കോക്കകോള വിരുദ്ധസമരസമിതി 2002 ഏപ്രിൽ 22 ന് സമരമാരംഭിക്കുമ്പോൾ മുന്നോട്ട് വച്ച പ്രഖ്യാപിത നിലപാടുകളും മുദ്രാവാക്യങ്ങളും തന്നെയാണ് ഇപ്പോഴും സമരസമിതിയ്ക്കുള്ളത്. അത് നേടിയെടുക്കുകയെന്നുള്ളതാണ് സമരസമിതിയുടെ ലക്ഷ്യം. പ്ലാച്ചിമട കോക്കകോള കമ്പനി അടച്ചുപൂട്ടുന്നതായി കമ്പനിയോ കേരള ഗവൺമെന്റോ സമരസമിതിയ്ക്കോ പെരുമാട്ടി ഗ്രാമപഞ്ചായത്തിനോ രേഖാമൂലം ഉറപ്പ് നൽകുക, പ്ലാച്ചിമടയിൽ കോക്കകോള കമ്പനിമൂലം ഉണ്ടായിട്ടുള്ള സാമൂഹിക - പാരിസ്ഥിതിക നഷ്ടങ്ങൾക്ക് നഷ്ടപരിഹാരം കമ്പനിയോ ഗവൺമെന്റോ പഞ്ചായത്തിനെയോ സമരസമിതിയേയോ ഏൽപ്പിക്കുക, പ്ലാച്ചിമടയിൽ കോക്കകോള കമ്പനിമൂലമുണ്ടായ കുടിവെള്ള മലിനീകരണത്തിനും ജലശോഷണത്തിനും പരിസ്ഥിതി നാശങ്ങൾക്കും കോക്കകോള കമ്പനിയെ കുറ്റവിചാരണ ചെയ്യുക, പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കുവാൻ ജലം പോലുള്ള അടിസ്ഥാന വിഭവങ്ങളുടെ സംരക്ഷണാധികാരം ഗ്രാമസഭകൾക്ക് നൽകിക്കൊണ്ട് പഞ്ചായത്ത് രാജ് ആക്ടിലും മലിനീകരണ നിയന്ത്രണ നിയമങ്ങളിലും മാറ്റങ്ങൾ വരുത്തുക എന്നീ നാല് ലക്ഷ്യങ്ങൾ നേടുന്നതാണ് പ്ലാച്ചിമട സമരത്തിന്റെ വിജയമായി സമരസമിതി കാണുന്നത്. ഏത് പ്രതിസന്ധികളെയും തരണം ചെയ്തുകൊണ്ട് സമരത്തിന്റെ ഈ വിജയത്തിനായി സമരസമിതി മുന്നോട്ടുപോകും.

പ്ലാച്ചിമടയിൽ നടക്കുന്നത് പുതിയസമരവും പുതിയ ആശയവുമല്ല. സമരപ്രവർത്തകർക്കിടയിൽ യാതൊരു അനൈക്യവും ഇല്ല. അനൈക്യം ഉണ്ടെന്ന് വരുത്തിതീർക്കുവാൻ ചില ശക്തികൾ ബോധപൂർവ്വം നടത്തുന്ന ശ്രമം പ്ലാച്ചിമടയിൽ വിലപ്പോവില്ല. *(2006 ജനുവരി 19)*

**വിളയോടി വേണുഗോപാൽ**
ചെയർപേഴ്സൺ

**പ്ലാച്ചിമട കണ്ണദാസൻ**
കൺവീനർ

പ്ലാച്ചിമട കോക്കകോള വിരുദ്ധ സമരസമിതി
കന്നിമാരി പി.ഒ., പാലക്കാട് - 678 534. ഫോൺ : 9349501699
e-mail : plachimada2002@rediffmail.com